LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. മുഹമ്മദ് ബഷീറിന്റെ നിയമനം

3(2832) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ ഡോ.കെ. മുഹമ്മദ് ബഷീറിന്റെ നിയമനം ചട്ടപ്രകാരമാണോ നടത്തിയിട്ടുള്ളത്;

(ബി) കേരള സർവ്വകലാശാല രജിസ്ട്രാർ ആയിരുന്ന ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ കോഴിക്കോട് സർവ്വകലാശാലയിൽ വൈസ്-ചാൻസലറായി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വൈസ്-ചാൻസലർ നിയമനത്തിന് യു.ജി.സി. അനുശാസിക്കുന്ന യോഗ്യതകൾ ഡോ. മുഹമ്മദ് ബഷീറിനുണ്ടോ;

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ വൈസ്-ചാൻസലർ സ്ഥാനത്തു നിന്ന് സ്ഥാനമൊഴിയുന്ന മുറയ്ക്ക് കേരള സർവ്വകലാശാലയിൽ വീണ്ടും രജിസ്ട്രാർ ആയി തുടരുന്നതിനാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വൈസ്-ചാൻസലർ സ്ഥാനമേൽക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഇ) ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ വൈസ്-ചാൻസലർ നിയമനം നടത്തുന്നത് ചട്ടപ്രകാരം ശരിയായ നടപടിയാണോയെന്ന് യൂണിവേഴ്സിറ്റി നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി) ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല. ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ

പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കുന്നതിന് നിയമ തടസ്സമുള്ളതായി ആക്ടിൽ കാണുന്നില്ല.

(ഇ) ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ സർവ്വകലാശാല ആക്ടിൽ സ്പഷ്ടമല്ല.

ബി.എ, ബി.എസ്.സി, ബി.കോം കോഴ്സുകൾ

4(2833) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.എ, ബി.എസ്.സി, ബി.കോം എന്നീ കോഴ്സുകൾക്ക് സർക്കാർ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത കോഴ്സുകളിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല

5(2841) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന നടപടി സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമായിരിക്കും എന്ന് വിശദീകരിക്കാമോ; നിബന്ധനകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും പ്രാരംഭ യോഗമോ സംഗമമോ നടത്തുന്നുണ്ടോ; അതിനായി എത്ര രൂപ ചെലവാകും; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ ചെലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

GPM. 2/241/2020-10

LIBRARY ARCHIVES Kerala Legislative Assembly